

# എറണാകുളം മിസ്സൻ

VOL. I. ജൂൺ & ജൂലായി ൧൯൨൨. No. IX & X.

വിഷയവിവരം.


| | | പക്ഷം. |
|---|---|---|
| ൧. | എ. ഉ. ദലഗാദപ്പസ്സോലിക്കാ അവർകളുടെ എഴുത്തു | ൧൩൦ |
| ൨. | മാത്തോമാശ്ലീഹായും വേദപ്രചാരവും | ൧൩൨ |
| ൩. | തിരുഓസ്തി | ൧൩൪ |
| ൪. | ഒരു യഹൂദന്റെ ഔദാര്യബുദ്ധി | ൧൩൫ |
| ൫. | മിഷ്യൻവേലകളെ സഹായിക്കുന്ന രണ്ടു പ്രധാനസഭകൾ | ൧൩൬ |
| ൬. | എറണാകുളംമിസ്സത്തിലെ വേദപ്രചാരസംഘം | ൧൩൦ |
| ൭. | സ്ഥലം മാറ്റങ്ങൾ | ൧൩൬ |
| ൮. | കുറിപ്പുകൾ | ,, |

# എറണാകുളം മിസ്സം.

VOL. I ജൂൺ & ജൂലായി 1922. Nos. IX & X.

പതിനഞ്ചാംബെനഡിക്തോസ് മാപ്പാപ്പായ്ക്കുവേണ്ടി കത്തോലിക്കസൂറിയാനിക്കാർ പള്ളികളിൽ നടത്തിയ കുമ്മങ്ങളേയും, പതിനൊന്നാം പീയൂസ് പാപ്പാ തിരുമനസ്സിലേക്ക് ഇവിടെനിന്നയച്ച അഭിവന്ദനലേഖനങ്ങളേയും കുറിച്ച സന്തോഷം പ്രദർശിപ്പിക്കുന്നതായും, ഈ വികാരിയാത്തിലെ വിശ്വാസികൾക്കു മെത്രാനച്ചൻ അവർകൾ നിശ്ചയിക്കുന്ന ഒരു ആഘോഷദിവസം പൂർണ്ണദണ്ഡവിമോചനത്തോടുകൂടിയുള്ള മാപ്പാപ്പായ്ക്കുടുത്ത വാഴ്ച് കൊടുക്കുന്നതിനായനുവദിക്കുന്നതായും അറിയിച്ച എ. ഉ. ദലഗാദപ്പസ്തോലിക്കാ അയച്ച എഴുത്തു താഴെ ചേർക്കുന്നു.

## APOSTOLIC DELEGATION OF THE EAST INDIES.

:o:

**No. 2237.**

10 MILLER'S ROAD,
BANGALORE.
12th. May 1922.

*My dear Lord Bishop,*

His Eminence the Card. Prefect of the S. C. 'Pro Ecclesia Orientali' desires me to inform your Lordship that having communicated to the Holy Father the congratulations and wishes of the Syrian Catholic Churches of Malabar on the occassion of His elevation to the Supreme Pontificate, His Holiness the Pope, who has inherited in his heart the paternal solicitude of the most lamented Benedict XV, has

charged him to express to the Rmi. Ordinaries of the Oriental churches his vivid satisfaction as well as his thanks for the solemn suffrages (prayers) offered at their initiative for the repose of His august Predecessor.

At the same time His Eminence has been pleased to authorise me to communicate to your Lordship, the faculty of imposing the Apostolic Blessing, to which a plenary Indulgence is attached, to the faithful of your Vicariate in a solemnity of your choice.

With every kind wish and in union of prayers.

I am,
My dear Lord Bishop
Yours very devot: in Xto.
(*Sd.*) P. PISANI, ARCHBISHOP
of
CONSTANCE—DELEGATE AP.

To,
The Rt. Rev. KANDATHIL D. D.
Vicar Apostolic.
ERNAKULAM.

## മാത്തോമാ ശ്ലീഹായും വേദപ്രചാരവും.

കേരളീയസുറിയാനിസഭ, അപ്പോസ്തല സ്ഥാപിതമാണെന്ന് സുറിയാനിക്കുസ്ത്യാനികളായ നാം ഐകകണ്ഠ്യേന സമ്മതിച്ചു വിശ്വസിച്ചുവരുന്ന ഒരു സത്യമാണല്ലൊ. നമ്മുടെ മിശ്രക്ഷകന്റെ ശ്ലീഹന്മാരിൽ ഒരാളായ മാർ തോമ്മാശ്ലീഹാ മലയാളരാജ്യത്തുവന്ന് നമ്മുടെ പൂർവ്വന്മാരെ സത്യവേദത്തിൽ ചേർത്തുവെന്ന ചരിത്രം വിളിച്ചുപറയുന്നു. നാമും ആ പുണ്യവാനെ നമ്മുടെ പിതാവായ മാർ തോമ്മായെ എന്നു അനുസരിച്ചുകൊണ്ട് ദൈനംദിനമുള്ള നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകമായിട്ട് ഈ പിതാവിനോട് അപേക്ഷിച്ചും വരുന്നു.

ഓരോ പുണ്യവാന്റെ തിരുനാളിനെ തിരുസഭയിൽ ഘോഷിക്കുമ്പോൾ, വിശ്വാസികളായിരിക്കുന്ന നാം ആ വിശുദ്ധനിൽ ശോഭിച്ചിരുന്ന പ്രത്യേക പുണ്യങ്ങളെ മനസ്സിലാക്കി അവയെ പ്രവൃത്തിരൂപേണ നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്നതിനു എന്താണ് നാം പഠിക്കേണ്ടത്? ഏതു പുണ്യത്തെയാണ് നാം നടപ്പിൽ വരുത്തേണ്ടത്?

മാത്തോമ്മാശ്ലീഹായുടെ ജീവിതചരിത്രത്തിൽ പ്രധാനമായി വിളങ്ങിക്കാണുന്ന പുണ്യം, നമ്മുടെ ദിവ്യരക്ഷകനോടുള്ള അതിരറ്റ സ്നേഹവും പ്രവൃത്തിരൂപേണ അതിനെ കാണിക്കുന്നതിനുള്ള അത്യുത്സാഹവുമത്രെ. "നമുക്കും അങ്ങനെ അയോളോടു(കർത്താവിനോടു)കൂടെ പോകുകയും അയോളോടുകൂടെ മരിക്കയും ചെയ്യാം." "എന്റെ ദൈവവും എന്റെ കർത്താവും" എന്നീ ദിവ്യവചനങ്ങളിൽനിന്നു ശ്ലീഹായുടെ അഗാധമായ ദൈവസ്നേഹം വെളിപ്പെടുന്നു. "ഒരുവന്റെ സ്നേഹിതനുവേണ്ടി ജീവനെ ത്യജിക്കുന്നതിനെക്കാൾ കൂടുതലായ സ്നേഹം ഒരുത്തനു അവന്റെ സ്നേഹിതനോടു ഉണ്ടാകാൻ പാടില്ല." കർത്താവിനോടുകൂടി ശത്രുക്കളായ യൂദന്മാരുടെയിടയിൽ പോകുന്നതിനും, കർത്താവിനുവേണ്ടി തന്റെ ജീവനെ ഉപേക്ഷിക്കുന്നതിനും താൻ സന്നദ്ധനായിരിക്കുന്നെന്നു മാത്രമല്ല, മറ്റു ശ്ലീഹന്മാരെയും ഇതിനായി ക്ഷണിക്കുന്നു. ഇതുപോലെതന്നെ "എന്റെ ദൈവവും എന്റെ കർത്താവും" എന്ന വചനങ്ങളിലടങ്ങിയിരിക്കുന്ന ഗാഢോത്സാഹത്തെയും ആശയവിശേഷത്തെയും കുറിച്ചു ധ്യാനിക്കുന്നേരം അതിൽ നിക്ഷേപിതമായിരിക്കുന്ന അഗാധസ്നേഹം പ്രത്യക്ഷപ്പെടുന്നു.

ഇമ്മാതിരി സ്നേഹത്തെ നമ്മുടെ പുണ്യശ്ലീഹാ പ്രവൃത്തിമുഖേനയും കാണിച്ചതന്നിരിക്കുന്നു. തന്റെ വീടും, നാടും, സംബന്ധക്കാർ, സ്നേഹിതരെയെല്ലാം വിട്ടുപേക്ഷിച്ചും സത്യവേദം പരത്തുന്നതിനു അതായു, തന്റെ ഹൃദയത്തിൽ കത്തിജ്വലിച്ചിരുന്ന ദിവ്യസ്നേഹാഗ്നി അന്യജാതികളുടെയും ഹൃദയങ്ങളിൽ ഉളവാക്കുന്നതിനായിട്ടു, അജ്ഞാനാന്ധകാരത്തിൽ മുഴുകിയിരുന്ന ഈ രാജ്യത്തിൽവന്നു സുവിശേഷവെളിച്ചത്തെ കത്തിച്ചു. തന്റെ-വിയപ്പാലും പാദസ്പർശനത്താലും ഇന്നാടിനെ പാവനമാക്കിതീർത്തു. "നിങ്ങൾ പോയി എല്ലാ ജാതികളേയും പഠിപ്പിച്ചു ബാവായുടെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലെ അവർക്കു മാമ്മോദീസാ കൊടുക്കുക" എന്ന ഗുരുകല്പനയെ നിറവേറ്റി നമ്മെ സത്യവിശ്വാസികളും, ദൈവപുത്രന്മാരും, കൃസ്ത്യാനി എന്ന വിശിഷ്ടസ്ഥാനത്തിനു അർഹന്മാരുമാക്കിതീർത്തു. ഒടുവിൽ അനവധി ആളുകളെ സത്യസഭയിൽ ചേർത്തു മ്ശിഹായുടെ

രാജ്യത്തെ ഇന്നാട്ടിൽ സ്ഥാപിച്ചതിന്റെ ശേഷം ദിവ്യരക്ഷകനോടുള്ള സ്നേഹത്തെക്കുറിച്ചും വേദസാക്ഷിയായി മയിലാപ്പൂരിൽ ചിന്നമലയിൽ മരിച്ചു.

ഈ പുണ്യശ്ലോകനെ സഭാസ്ഥാപകനായി ഉൽഘോഷിക്കുന്ന നമുക്ക് ഒരു പ്രത്യേക കടമയുണ്ടെന്ന് പുണ്യപിതാവിന്റെ ചരിത്രം കാണിക്കുന്നു. ഒരാളെ സന്തോഷിപ്പിക്കുന്നതിന് ഒരുത്തമമാർഗ്ഗം അയാളുടെ ജീവിതത്തെ അനുകരിക്കയും, അയാൾ തുടങ്ങിയ വേലയെ വീഴ്ചകൂടാതെ നടത്തുകയുമാണെല്ലൊ. മാർ തോമ്മാശ്ലീഹാ മലയാളത്തും ഇൻഡ്യയിലും വന്നതു നമ്മുടെ കർത്താവിന്റെ ദിവ്യവേദത്തെ പ്രസംഗിക്കുന്നതിനും, തദ്വാരാ ഇൻഡ്യാരാജ്യനിവാസികളെ സത്യവിശ്വാസികളാക്കുന്നതിനുമാണല്ലൊ. എന്നാൽ ഈ വിഷയത്തിൽ പുണ്യവാനെ അനുകരിച്ചു നാം എന്താണ് ചെയ്തിട്ടുള്ളത്? നമ്മുടെ പ്രയത്നങ്ങൾ എത്രയൊ തുച്ഛങ്ങളായിരിക്കുന്നു! എങ്കിലും ഇക്കഴിഞ്ഞ മാസങ്ങൾക്കിടയിൽ എ. പെ. പെ. ഖ. മെത്രാനച്ചൻ തിരുമനസ്സിലെ ആഗ്രഹാനുസരണം വേദപ്രചാരസംഘം സ്ഥാപിതമായതോടുകൂടി മുമ്പില്ലാതിരുന്നതായ ഒരു ഉണർച്ച ഇക്കാര്യത്തിൽ നമ്മുടെയിടയിൽ ഉണ്ടായിട്ടുള്ളതു ആശ്വാസജനകം തന്നെ. എന്നാൽ ഏതവകകളിൽ സംഘം സ്ഥാപിച്ചതോടുകൂടി നമ്മുടെ കടമകൾ അവസാനിച്ചു എന്നു വിചാരിക്കുണ്ട. സംഘത്തിൽ അംഗങ്ങളായി ചേർന്നവർ ദിവസേന അവർ ഏത്തിക്കേണ്ടതായ സംഘത്തിന്റെ നമസ്കാരം മുടക്കം വരുത്താതെ എത്തിക്കയും തങ്ങൾ കൊടുക്കേണ്ടതായ ധർമ്മം സസന്തോഷം മാസാരംഭത്തിൽ കെട്ടുകയും ചെയ്യണം. ഇതിലുംകൂടുതൽ സന്തോഷം നമ്മുടെ പുണ്യപിതാവിനു വരുത്തണമെങ്കിൽ അതു കുറെ പുള്ളിടത്തോളം ആളുകളെ വേദം പഠിപ്പിച്ചു ഉൽഘോഷദിവസം മാമ്മോദീസാമുക്കി തോമ്മാശ്ലീഹായ്ക്കു ഒരു കാഴ്ചയായികൊടുക്കുന്നതായിരിക്കും. സംഘത്തിന്റെ അംഗങ്ങളായി ഇതേവരെയും ചേർന്നിട്ടില്ലാത്തവർ ഈ പെരുന്നാൾ അവസരത്തിൽ തോമ്മാശ്ലീഹായോടുള്ള സ്നേഹത്തെ കാണിക്കാൻ അംഗങ്ങളായി ചേരുന്നതു വളരെ നന്നായിരിക്കും. കൂടാതെയും, സംഘങ്ങൾ ഇതേവരെ സ്ഥാപിക്കാത്ത ഏടവകകൾ ഉണ്ടെങ്കിൽ ഉൽഘോഷദിവസം എല്ലാവരേയും വിളിച്ചു കൂട്ടി സംഘം സ്ഥാപിക്കുന്നതു ഏറ്റവും ഉചിതമായിരിക്കും.

ഇങ്ങനെ നാം ചെയ്യുന്നതായാൽ നമ്മുടെ പുണ്യപിതാവു് നമ്മെ പ്രത്യേകമായി കടാക്ഷിക്കയും, തനിക്കു കർത്താവിനോടുണ്ടായിരുന്ന സ്നേഹത്തിൽ ഒരംശം നമ്മിൽ ഉണ്ടാകുന്നതിനും അതിനെ പ്രവൃത്തിരൂപേണ സഹോദരരുടെ ആത്മരക്ഷയ്ക്കുവേണ്ടി ചെയ്യുന്ന പ്രയത്നങ്ങൾ മുഖേന കാണി

കുന്നതിനും ഇടയാക്കുകയും ചെയ്യും. ഞങ്ങളുടെ പിതാവായ മാർ തോമ്മാശ്ലീഹായെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

പഞ്ഞിക്കാരൻ സി. ജോസഫ് ക.

# തിരുഓസ്തി.

തിരു ഓസ്തി ആഴ്ചയിൽ ഒരിക്കലെങ്കിലും മാറി പുതിയതു വയ്ക്കണമെന്നാണ് നിശ്ചയം. ഈ അവധി കഴിഞ്ഞിട്ടുള്ളവ (അരളിക്കയ്ക്കുള്ളവയായാലും) കുമ്പാനയുടെ ഇടയ്ക്കു തിരുരക്തം അടക്കിക്കഴിഞ്ഞിട്ട അടക്കേണ്ടതാണ്. പുതുതായി കൂദാശചെയ്തവ പഴയതുകളോടു കൂടി വയ്ക്കരുതു്. പഴയ പത്തീഞ്ഞുകൾ വേറൊരു കുസ്സോദിയിലോ കാസായിലോ സൂക്ഷിക്കയോ ശ്ര. കുമ്പാന കൈക്കൊള്ളാനുള്ളവർക്കു കൊടുക്കയോ ഇതിനു ആളില്ലാത്ത പക്ഷം തിരുരക്തം ഉൾക്കൊണ്ട ശേഷം അടക്കുകയോ ചെയ്യണം. കൂദാശ ചെയ്യാനുള്ളവയും പുതിയവയായിരിക്കണം. ശനിയാഴ്ചതോറും ഒരാഴ്ചക്കുള്ള ഓസ്തി മുട്ടാട്ടുകുന്നതാണ് വളരെ നല്ലതു്.

കുസ്സോദിയിൽ പുതിയ "പത്തീഞ്ഞു"കൾ വയ്ക്കുന്നതിനു മുമ്പു് അതിൽ പഴയതിന്റെ പൊടികളുള്ളതു മാറേണ്ടതാണ്.


(a). ഒരു കുസ്സോദി മാത്രമുള്ളപ്പോൾ ചെയ്യേണ്ടതു്:- പഴയ പത്തീഞ്ഞുകളെ അടക്കുകയോ കുമ്പാന കൈക്കൊള്ളാനുള്ളവർക്കു കൊടുക്കുകയോ ചെയ്ത ശേഷം വലത്തെ ചൂണ്ടാണിവിരൽകൊണ്ടു് പൊടികൾ കാസായിലേക്കു തുത്തിടണം. അതിനു ശേഷം കുസ്സോദിയിൽ വീഞ്ഞൊഴിച്ചു ചൂണ്ടാണിവിരൽകൊണ്ടു് അതിനകത്തു ചുറ്റിലും ആക്കിയശേഷം അതു കാസായിലേക്കു ഒഴിക്കണം. (വിരൽകൊണ്ടു വീഞ്ഞു ചുറ്റിലുമാക്കാതെ ആവശ്യമുള്ളേടത്തോളം പ്രാവശ്യം വീഞ്ഞു് ഒഴിച്ചു ചുറ്റിച്ചു് കാസായിൽ ഒഴിച്ചാലും മതി.) അതുകഴിഞ്ഞു് സങ്കീഞ്ഞുകൊണ്ടു് കുസ്സോദി തുടച്ചുംവച്ചു് മൂടുകുത്തി ആചാരം ചെയ്ത ശേഷം പത്തീഞ്ഞുകൾ അതിൽവെച്ചു അടയ്ക്കുന്നു. ഇങ്ങനെ തുടച്ചു സങ്കീഞ്ഞു മറിച്ചു മടക്കി വെച്ചേക്കയും അലക്കാതെ ഉപയോഗിക്കാതിരിക്കയും ചെയ്യുകയാണ് ഉത്തമം.

(b). ഒന്നിൽനിന്നു മറേതിലേക്കു പത്തീഞ്ഞുകൾ മാറേണ്ട ആവശ്യമില്ലാത്തവണ്ണം രണ്ടു കുസ്സോദികളുള്ളപ്പോൾ ചെയ്യേണ്ടതു്:- പുതിയ

പത്തീഞ്ഞുള്ള കുസ്സോടി സക്കാരിയിൽ ക്രമപ്രകാരം വെച്ചു മൂടിയ ശേഷം മറെറ കുസ്സോടിയിൽനിന്നു പൊടികൾ കാസായിൽ ആക്കണം. അതു കഴിഞ്ഞു വീഞ്ഞു് കുസ്സോടിയിൽ ഒഴിച്ചിട്ടു് അതു അകത്തു ചുററിലും ആക്കിയ ശേഷം ഇതിൽനിന്നു കാസായിലൊഴിച്ചു ക്രമപ്രകാരം കുടിക്കണം. പിന്നീടു വീഞ്ഞും വെള്ളവും കുസ്സോടിയിൽ ഒഴിച്ചിട്ടു അതിന്റെ അകത്തു ചുററിലുമാക്കിയ ശേഷം കാസായിലൊഴിച്ചു കുടിക്കുക. അതു കഴിഞ്ഞു് ആദ്യം കാസായും പിന്നീടു കുസ്സോടിയും സങ്കീഞ്ഞുകൊണ്ടു തുടക്കണം.

(c). പീലാസായിലെ പൊടികൾ തുത്തെടുക്കുന്നതുപോലെ ചെയ്താൽ മതിയെന്നാണു് ചിലരുടെ അഭിപ്രായം. ഇങ്ങനെയാകുമ്പോൾ വീഞ്ഞൊ വെള്ളമൊ അതിൽ ഒഴിക്കേണ്ട ആവശ്യമില്ല. എന്നാൽ ചിലപ്പോളെങ്കിലും ഇവ ഒഴിച്ചു ശുദ്ധിയാക്കുന്നതു നല്ലതാണു്.

ജ്ഞാപകം: വലിയ ഓസ്തിയും ചെറിയ ഓസ്തികളും "കുദാശ" ചെയ്യുന്നതിനായി വയ്ക്കുന്നതിനു മുമ്പു് അവ നല്ലവണ്ണം കൊട്ടിയൊ മറെറാ എടുത്താൽ കുസ്സോടിയിൽ പൊടികൾ വളരെ ഉണ്ടായിരിക്കയില്ല.



ഒരു യഹൂദന്റെ

# ഔദാര്യബുദ്ധി.

(റൈറ്റ് റവറണ്ടു് മൊൺസിഞ്ഞോർ ഫ്രാൻസീസ് കെല്ലി എന്ന ദേഹം അമേരിക്കായിൽ കത്തോലിക്കാദേവാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രധാന സഭ (Church Extention Society) യുടെ അദ്ധ്യക്ഷനാണു്. ഇദ്ദേഹം ഈ സഭ വക നടത്തിവരുന്ന മാസികയിൽ സഭയുടെ ചരിത്രം തുടർച്ചയായി എഴുതിവരുന്നുണ്ടു്. അതിൽനിന്നും ഒരു ഭാഗം തർജ്ജമ ചെയ്തതാണു് താഴെ ചേർക്കുന്നതു്):

"കുറച്ചു കൊല്ലങ്ങൾക്കു മുമ്പു് ഒരു പ്രസിദ്ധനായ യഹൂദവർഗ്ഗക്കാരന്റെ അടുക്കൽനിന്നും അന്നു് അദ്ദേഹവുമായി ഉച്ചഭക്ഷണം കഴിക്കണമെന്നു കാണിച്ചു് അടിയന്തിരമായ ഒരു എഴുത്തു എനിക്കു കിട്ടി. എന്തു കാര്യത്തിനായിട്ടായിരിക്കും ഇദ്ദേഹം എന്നെ കാണ്മാൻ ആവശ്യപ്പെട്ടതെന്നു ഞാൻ ആലോചിച്ചിട്ടു് ഒരു തുമ്പും ഉണ്ടായില്ല.

ഞങ്ങൾ രണ്ടുപേരും ഉണ്ണുന്നതിനായി ഇരുന്നപ്പോൾ ഇദ്ദേഹം തന്റെ കോട്ടിന്റെ സഞ്ചിയിൽനിന്നും ഒരു എഴുത്തെടുത്തു: "വായിക്കൂ" എന്നു പറഞ്ഞു് എന്റെ പക്കൽ തന്നു.

ആ എഴുത്തു് ഒരു കുട്ടിയുടേതായിരുന്നു. ആതു ഏകദേശം താഴെ കാണിച്ചിരിക്കുന്നപ്രകാരത്തിലാണ്.

"പ്രിയ സാർ, താങ്കൾ ——— ആവശ്യത്തിനു ഒരു നല്ല തുക കൊടുത്തതായി ഞാൻ അറിഞ്ഞു. ഒരു കത്തോലിക്കാവൈദികനാകുന്നതിനും ജീവിതകാലം മുഴുവനും ദൈവ ശുശ്രൂഷ ചെയ്യുന്നതിനും അത്യാശയോടിരിക്കുന്ന ഒരു കുട്ടിയെ താങ്കൾ സഹായിക്കുമെന്നു് ഇനിക്കറിഞ്ഞുകൂടാ. എന്റെ അപ്പൻ കുപ്പുലുണ്ടാക്കുന്ന സ്ഥലത്തു് ഒരു കൂലിപ്പണിക്കാരനാകയാൽ എന്നെ പഠിപ്പിക്കുന്നതിനു തീരെ നിവൃത്തിയില്ല. താങ്കൾ ദയവു ചെയ്തു എന്നെ സഹായിക്കുമോ?

ഞാൻ എഴുത്തു വായിച്ചുകഴിഞ്ഞു് എന്റെ യഹൂദസ്നേഹിതന്റെമുഖത്തു നോക്കിയപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ ജലത്തുള്ളികൾ കണ്ടു് "എന്താ, ഈ എഴുത്തു നിങ്ങളെ സാമാന്യം ഇളക്കിയതായി തോന്നുന്നല്ലൊ" എന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

അതിനു മറുപടിയായി അദ്ദേഹം ഇങ്ങനെയാണു പറഞ്ഞതു്: "ഇളക്കിയെന്നോ? ഒരു ചെറിയ കത്തോലിക്കാ കുട്ടി ഒരു വൈദികനാകുന്നതിനു, എന്റെ ജാതിയിൽപ്പെട്ട ഒരുവനോടു — ഒരു യഹൂദനോടു — സഹായം ആവശ്യപ്പെടണമെങ്കിൽ അവനു എത്രത്തോളം ദൈവവിശ്വാസവും മനുഷ്യരെപ്പറ്റി നല്ല അഭിപ്രായവും ഉണ്ടായിരിക്കണം. ഇങ്ങിനെ കണ്ടതിൽ അല്പംഒന്നു ഇളകിയെങ്കിൽ അതിൽ അതിശയിപ്പാനുണ്ടൊ".

"ഞാൻ ഇക്കാര്യത്തിൽ എന്താണു് ചെയ്യേണ്ടതു്" എന്നാണു് ഞാൻ പിന്നെ ചോദിച്ചതു്.

"നിങ്ങൾ എന്നെ ഒന്നു സഹായിക്കണം. നിങ്ങൾ ഈ കുട്ടിയെ കണ്ടുപിടിക്കണം. എഴുത്തിൽ അവന്റെ മേൽവിലാസം കാണിക്കാൻ വിട്ടുപോയിരിക്കുന്നു. എഴുത്തിലുള്ള ഗുണം കുട്ടിയിലും കാണുകയാണെങ്കിൽ പണമില്ലാത്ത ഒരു ന്യൂനതകൊണ്ടു് അവൻ വൈദികനാകാതിരിക്കയില്ല; നിങ്ങൾ ശ്രമിക്കുമൊ? എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

വളരെ ബുദ്ധിമുട്ടി കൂട്ടിയെ ഒരു പള്ളിസ്കൂളിൽ കണ്ടെത്തി. അവന്റെ ഇടവകയിലെ വികാരി അച്ചനും അവന്റെ ഗുരുനാഥന്മാർക്കും അവനെപ്പറ്റി നല്ല അഭിപ്രായമായിരുന്നു. കൂട്ടിക്ക് എന്തുചെയ്യാനാണ് പോകുന്നു; സ്കൂളിൽ താമസിക്കുന്നതിനുള്ള വക കൊടുക്കാൻ ഭാവിച്ചിട്ടുണ്ടോ; എന്നു ചോദിച്ചിരുന്നതിനും ഭക്ഷണത്തിനും അവന്റെ ഫീസിനും ഉടുപ്പുകൾക്കും എന്നു വേണ്ട അവന്റെ വിദ്യാഭ്യാസത്തിനുള്ള സകല ചിലവുകൾക്കും വേണ്ടതു കൊടുക്കാൻ തയാറായിരുന്നു എന്നാണ് അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നതു്.

ഈ കുട്ടി യഹൂദന്റെ ചിലവിന്മേൽ കോളെജ് വിദ്യാഭ്യാസം കഴിച്ചു് ഇപ്പോൾ സെമിനാരിയിൽ ചേർന്നിരിക്കയാണ്. ഇയാളുടെ വക സകല ചിലവുകൾക്കും ഈ യഹൂദവക്കീലിനു ബില്ലയക്കയും അദ്ദേഹം അതിനു വേണ്ട "ചെക്ക്" അയച്ചുകൊടുത്തുകൊണ്ടിരിക്കയും ചെയ്യുന്നു.

ഞാൻ ഇതെല്ലാം എഴുതിയതു് ആ യഹൂദനെ പ്രശംസിക്കുന്നതിനല്ല; പരസ്യമായി അദ്ദേഹത്തിന്റെ പ്രവൃത്തിയെപ്പറ്റി പറയുന്നതു് അദ്ദേഹത്തിനു രസിക്കയില്ലെന്നു് ഇനിക്കറിയാം. എന്നാൽ കൃസ്ത്യാനികളെ ലജ്ജിപ്പിക്കുന്നതിനാകുന്നു. നമ്മുടെ മതത്തിൽനിന്നു എത്രയോ അകന്നു നില്ക്കുന്ന ഈ യഹൂദൻ ചെയ്യുന്നതുപോലെ എന്തെങ്കിലും തങ്ങളുടെ സ്വന്ത മതത്തിലുള്ള കുട്ടികൾക്കു ചെയ്തുകൊടുക്കുന്നതു്, ശേഷിയുള്ളവർ തന്നെ, എത്രയോ പ്രയാസമായി കരുതിവരുന്നു. എന്നാൽ ഇവർ ഈ യഹൂദനെ കണ്ടു പഠിക്കട്ടെ.»

---

## മിഷ്യൻവേലകളെ സഹായിക്കുന്ന
# രണ്ടു പ്രധാന സഭകൾ.

മിഷ്യൻജോലികളെ പണംകൊണ്ടു സഹായിക്കുന്ന രണ്ടു പ്രധാനസഭകളാണല്ലൊ പ്രാൻസിലെ വേദപ്രചാരസഭയും തിരുബാല്യസഖ്യതയും. ഈ രണ്ടു സഭകളിലും ഫ്രൻചുകാർ പിരിഞ്ഞിട്ടുള്ള പണത്തിന്റെ തുക താഴെ ചേർക്കുന്നു.

### വേദപ്രചാര സഭ.

| | | |
|---|---|---|
| അമേരിക്കയിലെ ഐക്യനാടുകൾ | ഡോളർ | 1,622,569 |
| യൂറോപ്പു്. | | |
| പ്രാൻസ് | ഫ്രാങ്കു് | 4,223,055 |
| മോനാക്കൊ | ,, | 4,000 |

| | | |
|---|---|---|
| സ്വിറ്റ്സർലാൻറ് | ഫ്രാങ്ക് | 257,867 |
| ബൽജിയം | ,, | 555,479 |
| ഹോളണ്ട് | ,, | 809,874 |
| ലക്സംബെർഗ് | ,, | 95,602 |
| ഐറലാണ്ട് | ,, | 409,413 |
| ഇംഗ്ലണ്ട് | ,, | 541,101 |
| സ്കോട്ട്ലാണ്ട് | ,, | 131,291 |
| സ്പെയിൻ | ,, | 49,697 |
| ഇററലി | ,, | 203,702 |
| ലവൻറ് | ,, | 61,473 |
| വടക്കുള്ള പല രാജ്യങ്ങൾ കൂടി | ,, | 3,793 |
| ഏഷ്യാ | | |
| പല രാജ്യങ്ങൾ കൂടി | ,, | 23,152 |
| ആഫ്രിക്കാ. | | |
| പല രാജ്യങ്ങൾ കൂടി | ,, | 48,029 |
| അമേരിക്കാ. | | |
| കാനഡ | ,, | 36,028 |
| സൻറ പീറെ | ,, | 562 |
| മെക്സിക്കൊ | ,, | 353,412 |
| മദ്ധ്യഅമേരിക്കാ | ,, | 39,200 |
| കൊളമ്പിയ | ,, | 9,994 |
| ഗയാനാ | ,, | 616 |
| ഈക്കൊഡോർ | ,, | 655 |
| പെറു | ,, | 22,801 |
| ബൊളീവ്യ | ,, | 1,218 |
| ബ്രെസിൽ | ,, | 83,426 |
| ചില്ലി | ,, | 174,969 |
| അർജൻറയിൻ | ,, | 667,772 |
| ഉറുഗ്വെ | ,, | 50,557 |
| ഓഷിയാനിയ. | | |
| പല ദ്വീപുകളിൽനിന്നു് | ,, | 101,638 |

അമേരിക്കയിലെ ഐക്യനാടുകളിലെ പിരിവൊഴിച്ചു ബാക്കിയുള്ള ആകെത്തുക ഫ്രാങ്കു് വ്യൻന്നും,നവുവു. അമേരിക്കായിലെ ഒരു ഡോളരിനു

മറ്റു പ്രാങ്കോളും വിലയുള്ളതിനാൽ ഐക്യനാടുകളിൽനിന്നു പിരിഞ്ഞു കിട്ടുവാൻ, ഡെൻ ഡോളർ പ്രാങ്കായി കണക്കാക്കുമ്പോൾ മറ്റെല്ലാ രാജ്യങ്ങളിൽനിന്നും പിരിഞ്ഞിട്ടുള്ളതിനേക്കാൾ രണ്ടിരട്ടിയിലധികം ഐക്യനാടുകളിൽനിന്നു തന്നെ പിരിഞ്ഞിട്ടുള്ളതായി കാണാം. ഈ സംഖ്യകൾ ശുപായി കണക്കാക്കുന്നതായാൽ നൂറു ലക്ഷം ഉറുപ്പികയോളമുണ്ട്. ഇതു കൊള്ളത്തെ പിരിവാണ്.

## തിരുബാല്യസഖ്യത.

| | | |
|---|---|---|
| ബെൽജിയം | പ്രാങ്കു് | 633,022 |
| ഡെൻമാക്കു് | ,, | 6,230 |
| ഇംഗ്ലണ്ടു് | ,, | 108,625 |
| ഫ്രാൻസു് | ,, | 1,547,808 |
| ജർമ്മനി | ,, | 1,030,080 |
| ഗ്രീസു് | ,, | 1,623 |
| ഹോളണ്ടു് | ,, | 670,438 |
| ഐറലാണ്ടു് | ,, | 228,285 |
| മാൾട്ടാ | ,, | 28,976 |
| ഇറലി | ,, | 427,048 |
| നോർവ്വെ | ,, | 3,201 |
| പോർട്ടുഗൽ | ,, | 4,375 |
| സ്കോട്ടുലണ്ടു് | ,, | 104,500 |
| സ്പെയിൻ | ,, | 154,494 |
| സ്വിറ്റ്സർലാണ്ടു് | ,, | 327,037 |
| ഓസ്ട്രിയ | ,, | 68,011 |
| ആഫ്രിക്ക | ,, | 8,920 |
| ഓഷിയാനിയ | ,, | 57,855 |
| തെക്കെ അമേരിക്കാ | ,, | 233,760 |
| വടക്കേ അമേരിക്ക | ,, | 2,347,013 |
| | ആകെ പ്രാങ്കു് | 8,001,441 |

ഈ പിരിവും ഒരു കൊള്ളത്തെയാണു. ഇതു ഏ ലക്ഷം ഉറുപ്പിക ഉണ്ടു.

# എറണാകുളംമിസ്സത്തിലെ
# വേദപ്രചാരസംഘം.

———:o:———

## ഞങ്ങളുടെറിപ്പോർട്ടുകൾ:

വേദപ്രചാരസംഘംസംബന്ധിച്ച് ഈ കഴിഞ്ഞ ഓരോ മാസികകളിലും ഞങ്ങളുടെ റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ ചില സംഗതിവശാൽ കഴിഞ്ഞതവണ പുറപ്പെട്ട മാസികയിൽ ഒരു റിപ്പോർട്ട് എഴുതി ചേർക്കുന്നതിനു ഞങ്ങൾക്കു സാധിക്കാതെപോയി. ഇങ്ങിനെ ചേർക്കാതിരുന്നതുകൊണ്ടു ചിലർക്കു ആശാഭംഗത്തിനിടവന്നു എന്നു അറിയുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. എന്നാൽ ഞങ്ങളുടെ റിപ്പോർട്ട് കാണാത്തതിൽ കുണ്ഠിതമുള്ളവരുണ്ടെന്നറിയുന്നതിൽ ഞങ്ങൾക്കു സന്തോഷവുമുണ്ട്. ഒരു ബ. അച്ചനിൽനിന്നും ഞങ്ങൾക്കു കിട്ടിയ എഴുത്തിലെ ഒരു ഭാഗം ഇവിടെ ചേർക്കുന്നു: "വേദപ്രചാരസംഘത്തെപ്പറ്റിയും മാനസാന്തരം സംബന്ധിച്ചും മാസംതോറും ലഭിക്കുന്ന സകല വിവരങ്ങളും നിസ്സാരങ്ങളായിരുന്നാലും 'എറണാകുള മിസ്സ'ത്തിലെ എല്ലാ പ്രതികളിലും അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതു ഇതേപ്പറ്റി ഉത്സാഹമുള്ളവർക്കും ഇല്ലാത്തവർക്കും ഒരുപോലെ പ്രോത്സാഹത്തിനു കാരണമാണു. അതിനാൽ കഴിഞ്ഞ മാസികയിൽ നിങ്ങളുടെ റിപ്പോർട്ട് കാണാഞ്ഞതിൽ മനസ്താപപ്പെടുന്നു." ഞങ്ങളുടെ റിപ്പോർട്ടുകൾ പലരും മനസ്സിരുത്തി വായിക്കുന്നുണ്ടെന്നറിയുന്നതു ഞങ്ങൾക്കും അതുപോലെ തന്നെ പ്രോത്സാഹജനകമായിട്ടുള്ളതാണല്ലൊ.

## രക്ഷാസൈന്യം:

രക്ഷാസൈന്യത്തെപ്പറ്റി ഞങ്ങളുടെ കഴിഞ്ഞതിന്റെ മുമ്പിലത്തെ റിപ്പോർട്ടിൽ പറഞ്ഞിരുന്നതാണു. വീണ്ടും ഇവരെപ്പറ്റി ചില സംഗതികൾ കൂടി പറയേണ്ടതായി വന്നിരിക്കുന്നു. ഇവർ എറണാകുളം തങ്ങളുടെ തലസ്ഥാനമാക്കിയിരിക്കുന്നു എന്നും നമ്മുടെ എല്ലാ ഇടവകകളിലും ഇവരുടെ ആളുകളും ഉപദേശികളും സ്നേഹിതകളും അധികം താമസിയാതെ ഉണ്ടാകുമെന്നാണു വിചാരിക്കേണ്ടതെന്നും ഞങ്ങൾ മുമ്പു പ്രസ്താപിച്ചിരുന്നല്ലൊ. ഇതു എത്രത്തോളം വാസ്തവമായി കണ്ടുതുടങ്ങിയിരിക്കുന്നു. ഇവർ എറണാകുളത്തു വന്നിട്ടു അധികം കാലമായിട്ടില്ല. എങ്കിലും ക. നെടുവേലിൽ, (പനങ്ങാട്ടു) ഉ. ചേപ്പനം, ന. പെരുമാനൂർ, ര. ആലങ്ങാട്ടു, ശ. വല്ലാർപാടം, ന. ഇരിങ്ങാലക്കുടക്കടുത്തുള്ള എടക്കു

ളം, ഐ. ഷൊർണ്ണൂക്കടുത്തുള്ള ചേലക്കര എന്നീ സ്ഥലങ്ങളിൽ ഇവർ സ്കൂളുകൾ സ്ഥാപിച്ചു നടത്തി തുടങ്ങിയിരിക്കുന്നു. കമ്പളത്തും ആലുവായിലും സ്കൂളുകൾ ഏർപ്പെടുത്തുന്നതിനു വേണ്ട ശ്രമങ്ങൾ ഇവർ ചെയ്തുവരുന്നു. എത്ര ശീഘ്രമായി ഇവർ സംഗതികൾ നിർവഹിക്കുന്നു എന്നു ഇതിൽനിന്നു നമുക്കു ഏറക്കുറെ മനസ്സിലാക്കാം. നാം പഴയ തോരിൽ തന്നെ അലസന്മാരായിരുന്നാൽ ഞങ്ങൾ മുമ്പു പറഞ്ഞിരുന്നതുപോലെ നമ്മുടെ ഓരോ ഇടവകാര്യത്തിയിലും ഓരോ പ്രോട്ടസ്റ്റൻറുസംഘം ഉണ്ടായെന്നു വരും. നമ്മുടെ ജനങ്ങളിൽ ചിലരെങ്കിലും സംഗതികൾ മനസ്സിലാക്കി പ്രവൃത്തിച്ചു തുടങ്ങിയിരിക്കുന്നതായി അറിവു കിട്ടിയിട്ടുള്ളതിൽ ഞങ്ങൾ ഏറ്റവും സന്തോഷിക്കുന്നു. ഞങ്ങൾ മേൽപറഞ്ഞിരിക്കുന്നതിൽനിന്നു ആലങ്ങാട്ടും രക്ഷാസൈന്യക്കാരുടെ വക ഒരു സ്കൂൾ സ്ഥാപിച്ചിട്ടുള്ളതായി കാണാമല്ലോ; ഇതു പുലയരെ പഠിപ്പിക്കുന്നതിനാണ. കാലക്രമേണ ഇവർ പഠിപ്പിക്കുന്ന പുലയർ പ്രോട്ടസ്റ്റാൻറുകാരായിത്തീരുമെന്നാണു കരുതേണ്ടതു്. ആലങ്ങാട്ടു നമ്മുടെ പള്ളിക്കാരും പുലയരെ പഠിപ്പിക്കുന്നതിനു സ്കൂളുകൾ നടത്തുവാൻ തീർച്ചയാക്കിയിരിക്കുന്നു. ഇടവകയുടെ പല ഭാഗങ്ങളിലായി നാലു സ്കൂളുകൾ പുലയരുടെ ആവശ്യത്തിനായി തുടങ്ങണമെന്നാണു നിശ്ചയിച്ചിട്ടുള്ളതു. ഒന്നിൻെറ പണി മിക്കവാറും പൂർത്തിയായിരിക്കുന്നു. മറുള്ളവയും കഴിയുന്നതും വേഗത്തിൽ ആരംഭിക്കുന്നതാണു. ഇതിലേക്കു വേണ്ട ചിലവുകൾ എല്ലാം ആലങ്ങാട്ടു പള്ളിയിൽനിന്നും വഹിക്കുമെന്നറിയുന്നതിൽ ആലങ്ങാട്ടുകാരെ പ്രത്യേകം അനുമോദിക്കേണ്ടിയിരിക്കുന്നു. ഇങ്ങിനെ പുലയരുടെ ഉപയോഗത്തിനായി മാത്രം നാം ഇതിനു മുമ്പു സ്കൂൾ നടത്തിവന്നിരുന്നതായി ഞങ്ങൾക്കറിവില്ല. അതിനാൽ ആലങ്ങാട്ടുകാരുടെ പ്രവൃത്തി എത്രത്തോളം വിജയകരമാകുമെന്നു നമ്മുടെ മിസ്സത്തിലുള്ള മറു പള്ളിക്കാരെല്ലാം കൌതുകത്തോടെ നോക്കിക്കൊണ്ടിരിക്കുമെന്നു പറയണമെന്നില്ലല്ലൊ. ആലങ്ങാട്ടുകാരുടെ ഈസൽപ്രവൃത്തി വിജയകരമാകുന്നതിനും അതുമൂലം അതു മറു ഇടവകക്കാർക്കും ഒരു മാതൃകയായിത്തീരുന്നതിനും ദൈവം സംഗതി വരുത്തട്ടെ.

## പുതിയ ശാഖാസഭകൾ.

കഴിഞ്ഞ തവണ ഞങ്ങൾ റിപ്പോർട്ടെഴുതുമ്പോൾ ഈ മിസ്സത്തിലുള്ള രണ്ടു പള്ളികളിൽ മാത്രമെ ശാഖാസഭകൾ സ്ഥാപിക്കുകയും പണപ്പിരിവെടുക്കുകയും ചെയ്തിരുന്നുള്ളൂ. അതിനു ശേഷം പന്ത്രണ്ടു പള്ളികളിൽ കൂടി ശാഖാസഭകൾ സ്ഥാപിച്ചിട്ടുണ്ടു. ആ പള്ളികളുടെ പേരുകൾ ഞങ്ങൾ

വളരെ സന്തോഷത്തോടു കൂടി താഴെ ചേർത്തുകൊള്ളുന്നു. ൧൯. ചാലിൽ, ഇവിടെ ൯൨ പ്രത്യേകസാമാജികന്മാരും ൧൭൯ സാധാരണസാമാജികന്മാരും ചേർന്നിട്ടുണ്ടു. ൧൦. ആലങ്ങാടു, ഇവിടെ ഇതേവരെ ൯൨ പേർ പേരുകൊടുത്തിട്ടുണ്ടു. ൧൫. ചക്കരക്കടവു, ഇവിടെ സഭ സ്ഥാപിച്ച ദിവസം തന്നെ ൧൯ പേർ ചേർന്നു. വേറെയും ചേർന്നവരുണ്ടു. ൧൯. കാട്ടുകുറി, ഇവിടെ ഇതേവരെ ൧൫ അംഗങ്ങൾ പേരെഴുതിച്ചിരിക്കുന്നു. ൫. മൂക്കന്നൂർ: ഈ സ്ഥലത്തു ൧൦ അംഗങ്ങൾ ചേർന്നിട്ടുണ്ടു. ൫൧. മൂവാറുപുഴ: ഈ പള്ളിയിൽ ഇതേവരെ ൯൦ പേർ സാമാജികന്മാരായി ചേർന്നു. ൫൨. മേലൂർ, ൫൩. കറുകുറ്റി: ഈ രണ്ടു സ്ഥലത്തും ശാഖാസഭകൾ സ്ഥാപിച്ചിട്ടു അധികമായിട്ടില്ല. എങ്കിലും അവിടെയും ജനങ്ങൾക്കു ഇക്കാര്യത്തിൽ ഒരു ഉത്സാഹം ജനിച്ചിട്ടുള്ളതായി അറിയുന്നു. ൫൮. മലയാറ്റൂർ: ഇവിടെ ൯൯ കുടുംബങ്ങളിൽ ഉള്ളവർ സകലരും ഇവരെക്കൂടാതെ ൯൯ അംഗങ്ങളും സഭയിൽ ചേർന്നു. ൬൭. ചൊവ്വര: ഇവിടെയും ശാഖാസഭ സ്ഥാപിച്ചിട്ടു അധികം ദിവസമായില്ല. എങ്കിലും തുടങ്ങിയ ദിവസം തന്നെ ൫൦ അംഗങ്ങൾ ചേർന്നിട്ടുണ്ടു. ൫൭. പെരിങ്ങോഴ: ഇവിടെ ൧൫൭ പേർ ഇതേവരെ അംഗങ്ങളായി ചേർന്നിരിക്കുന്നു. ൬൫. കുപ്പാപടി: ഇവിടെ ശാഖാസഭ സ്ഥാപിച്ചില്ലെങ്കിലും ൩൦ൽ അധികം അംഗങ്ങളെ സഭയിൽ ചേർത്തിട്ടുണ്ടു. ശാഖാസഭ അടുത്തു തന്നെ സ്ഥാപിക്കുമെന്നു അവിടത്തെ ബ. വികാരി അച്ചൻ ഞങ്ങളെ അറീക്കുകയുണ്ടായിരിക്കുന്നു. ഇതിൽനിന്നും ഇതേവരെ ൭൫ പള്ളികളിൽ ശാഖാസഭകൾ സ്ഥാപിച്ചിട്ടുള്ളതായി കാണാം. എറണാകുളംമിസ്സത്തിൽ ആകെ൯൨ ഇടവകപ്പള്ളികളാണല്ലൊ ഉള്ളതു. അതിനാൽ ഇനി ൧൭ പള്ളികളിൽ കൂടി വേദപ്രചാരസംഘം ഏർപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു. എറണാകുളംമിസ്സത്തിൽ വേദപ്രചാരസഭ സ്ഥാപിച്ചിട്ടു ഒരു വർഷം തികയുന്നതിനു ഇനി അധികം മാസങ്ങളില്ല. വർഷപൂത്തിക്കു മുമ്പായ എല്ലാ ഇടവകകളിലും ശാഖാസഭകൾ സ്ഥാപിക്കയെങ്കിലും ചെയ്തില്ലെങ്കിൽ മഹാ കഷ്ടമായിരിക്കും. ഇനി വർഷപൂത്തിക്കു നാലു മാസങ്ങൾ മാത്രമെയുള്ളൂ. ഓരോ മാസത്തിൽ പതുപ്പത്തു പള്ളികളിൽ എങ്കിലും പൂർത്തിയതായി ശാഖാസഭകൾ ഉണ്ടായാൽ വർഷാവസാനത്തോടു കൂടി മിസ്സത്തിലുള്ള എല്ലാ പള്ളികളിലും ശാഖാസഭ നടപ്പിൽ വന്നു എന്നു സന്തോഷിക്കാൻ നമുക്കെല്ലാവക്കും സംഗതിവരുന്നതാണ്.

ഞായറാഴ്ചപിരിവു്:

താഴെ കാണുന്ന പള്ളികളിൽ എല്ലാം ഞായറാഴ്ച പിരിവു ഏർപ്പെടു

ത്തിയിരിക്കുന്നു. ക. എറണാകുളം, ഖ. കോതമംഗലം, ന. വല്ലം, ഘ. വടക്കൻപാവൂർ, ങ. മേരാനല്ലൂർ, ന്ന. ആമ്പല്ലൂർ, ച കൊരട്ടി, വ. തൈക്കാട്ടുശേരി, ൻ. പുത്തൻള്ളി, ഛ. പള്ളുരുത്തി, ഫഫ. ആലുവാ, ഫഖ. കോന്തുരുത്തി, ഫന. മോന്ദമംഗലം, ഫഘ. ആലങ്ങാട്ട, ഫങ. തേനംകുന്നം, ഫന്ന. മാക്കരക്കടവു, ഫച. കുത്തിയതോട്ട, (കിഴക്കേത്തു) ഫവ. കടമക്കുടി, ഫൻ. മേലൂർ, ഫഠ. പെരുമാനൂർ ലൂർദ്ദുപള്ളി. പുതിയതായി ഞായറാഴ്ച പിരിവു തുടങ്ങിയിട്ടുള്ള പള്ളികളിൽനിന്നും എന്തുവീതം പിരിയുന്നുണ്ടെന്നു അറിവാൻ പലക്കും താല്പര്യമുണ്ടായിരിക്കുമല്ലൊ. അതിനാൽ ചില സ്ഥലങ്ങളിലെ പിരിവിന്റെ തുക തഴെ ചേർക്കുന്നു:

ആലങ്ങാട്ട പിരിവു തുടങ്ങിയ ഞായറാഴ്ച രൂ ണ. ച പൈയും, കുമ്പാനയുടെ പെരുന്നാൾ ദിവസം ഫ ണ. ന്ന പൈയും, രണ്ടാമത്തെ ഞായറാഴ്ച ണ. രൂ പൈയും, കിട്ടുകയുണ്ടായി. തേനംകുന്നത്തു രണ്ടു മാസത്തിനിടയിൽ രണ്ടുറുപ്പികയോളം കിട്ടിയിട്ടുണ്ട്. കുത്തിയതോട്ട കിഴക്കേ പള്ളിയിൽ ജൂൺ രൂ ാംനു ക. ണ. ങ പൈയും, ജൂൺ ഫഛ ാംനു ണ. ഫ പൈയും പിരിഞ്ഞിരിക്കുന്നു. ഈ പള്ളിക്കാരിൽനിന്നും മേദപ്രചാരസഭക്ക് ഈ പിരിവിനും മെമ്പന്മാരുടെ മാസംതോറുമുള്ള പണസഹായത്തിനുംപുറമെ രൂ ക. ദാനമായിട്ടും കിട്ടിയിട്ടുണ്ട്. തേനംമംഗലത്തുപള്ളിയിൽ മീനം ഫൻ മുതൽ ഇടവം ഫഠ ാംനു വരെ, (ഒരു മാസത്തിൽ) ങ ക. ഞായറാഴ്ച പിരിവുണ്ടായി. പെരുമാനൂർ ലൂർദുപള്ളിയിൽ ഞായറാഴ്ച പിരിവു ആദ്യമായി തുടങ്ങിയ ദിവസം തന്നെ ക. ങ ണ. ഫ പൈ ഉണ്ടായിരുന്നു.

സാക്ഷിപത്രംകൊടുത്ത അംഗങ്ങൾ:

ഈരണ്ടുമാസത്തെയെങ്കിലും പണം അയച്ചുതന്നവർക്കു മാത്രമേ ഇവിടെനിന്നും സാക്ഷിപത്രങ്ങൾ കൊടുത്തിട്ടുള്ളൂ. ഇതേവരെ സാക്ഷിപത്രങ്ങൾ അയച്ചിട്ടുള്ളതിന്റെ ഒരു കണക്കു താഴെ ചേർക്കുന്നു.

| പള്ളികൾ. | | പ്രത്യേക സാമാജികന്മാർ. | സാമാജികന്മാർ. |
|---|---|---|---|
| ക. | കുഴുപ്പുള്ളി | ന്ന | ഫങങ |
| ഖ. | മൂഴിക്കുളം | ഫ | ഒങ |
| ന. | എടക്കാട്ടുവയൽ | ഫ | രഖ |
| ഘ. | എറണാകുളം | ഫഖ | ഒങ |
| ങ. | ആരക്കുഴ | ങ | രാങ |
| ന്ന. | നാഗപ്പുഴ | | ഫങന |

| | | | |
|---|---|---|---|
| ൭. | ഉഴിക | ൨ | ൩൦ |
| ൮. | കുത്തിയതോട്ട് (പടിഞ്ഞാറ്) | ൯ | ൭൯ |
| ൯. | എടപ്പിള്ളി | ൫ | ൫൨൭ |
| ൫൦. | കോതമംഗലം | | ൨൭൩ |
| ൫൫. | വല്ലകം | ൨ | ൫൫൦ |
| ൫൨. | കാവിൽ | | ൩൩൭ |
| ൫൩. | വല്ലം | ൨ | ൨൯ |
| ൫൯. | കുലശേഖരമംഗലം | ൯ | ൭൭൩ |
| ൫൪. | കുറിപ്പുഴ | | ൪൫ |
| ൫൭. | പുത്തൻപള്ളി | ൯ | ൫൪൭ |
| ൫൭. | കടമക്കുടി | | ൪൪ |
| ൫൭. | തുരുത്തിപ്പുറം | ൫ | ൩൭൭ |
| ൫ൻ. | തുറവൂർ | | ൭൫ |
| ൬൦. | നെടുങ്ങാട്ട്. | ൫ | ൨൫ |
| ൬൫. | പുതിയകാവ് | | ൻ൯ |
| ൬൨. | ആമ്പല്ലൂർ | ൫ | ൩൦ |
| ൬൩. | മുട്ടം | | ൯൦൪ |
| ൬൯. | ചാലിൽ | ൭ | ൭ൻ |
| ൬൪. | കുത്തിയതോട്ട് (കിഴക്ക്) | ൨ | ൫൯൭ |
| ൬൭. | പെരിങ്ങോഴ. | ൫ | ൫൯൩ |
| | ആകെ | ൪൭ | ൨,ൻ൨൯ |

ശാശ്വതസാമാജികന്മാരായി ചേർന്നിട്ടുള്ളവരിൽ കുഴപ്പിള്ളിൽനിന്നു ചേന്നാ മാന്യൻ മാത്രം സംപ്രീതനായിട്ടുള്ളതിനാൽ അദ്ദേഹത്തിനു മാത്രമേ ഇതേവരെ സാക്ഷിപത്രം ഞങ്ങൾ കൊടുത്തിട്ടുള്ളൂ.

സഭയിൽ മെമ്പന്മാരായി ചേർന്നിട്ടുള്ള ബ. വൈദികരുടെ പേരുവിവരം ഞങ്ങൾ ഇതിൽ ചേർക്കണമെന്നു വിചാരിച്ചിരുന്നതാണ്. എങ്കിലും റിപ്പോർട്ട് ഇപ്പോൾ തന്നെ വളരെ നീണ്ടിരിക്കുന്നതിനാൽ അടുത്ത ഒരു അവസരത്തിൽ പ്രസിദ്ധപ്പെടുത്താമെന്നു കരുതുന്നു. ബ. വൈദികർ ഇതിൽ ചേർന്നിട്ടുള്ളവർ കഴിച്ചു ശേഷമുള്ളവരെല്ലാം പ്രത്യേകസാമാജികന്മാരായിട്ടാണ്. ഇതിൽ കുറേപ്പേർ മാസംതോറും ഒരു ഉറുപ്പിക വീതം തന്നു വരുന്നുമുണ്ട്. ഒരു ബ. അച്ചൻ ശാശ്വതസാമാജികനായി ചേർന്നുകൊള്ളാമെന്നു സമ്മതിച്ചിരിക്കുന്നു.

സഹായധനം ലഭിച്ചതു്:

| | | | | |
|---|---|---|---|---|
| 1. | കുത്തിയതോട്ട പഴയപള്ളി | 4 | 10 | 6 |
| 2. | ആമ്പല്ലൂർ | 4 | 8 | 0 |
| 3. | കുലശേഖരമംഗലം | 3 | 0 | 0 |
| 4. | തെക്കുംഭാഗം | 13 | 0 | 0 |
| 5. | മട്ടം | 16 | 0 | 0 |
| 6. | കടമക്കുടി | 6 | 0 | 0 |
| 7. | ചേന്ദമംഗലം | 5 | 0 | 0 |
| 8. | കുഴിപ്പള്ളി (രണ്ടാം പ്രാവശ്യം) | 15 | 0 | 0 |
| 9. | മുഴിക്കുളം | 4 | 10 | 0 |
| 10. | നെടുങ്ങാട് | 2 | 5 | 0 |
| 11. | കോന്തുരുത്തി | 3 | 12 | 8 |
| 12. | തൊപ്പൂർ | 4 | 15 | 0 |
| 13. | പുതിയകാവു് | 5 | 4 | 0 |
| 14. | തുരുത്തിപ്പുറം | 3 | 1 | 0 |
| 15. | കാവിൽ | 1 | 12 | 0 |
| 16. | പെരിങ്ങോഴ | 11 | 2 | 0 |
| 17. | കോടിക്കുളം | 1 | 0 | 0 |
| 18. | കല്ലൂർ | 5 | 10 | 8 |
| 19. | വൈക്കം. | 12 | 0 | 0 |
| 20. | പൊരുമാനൂർ ലൂർദ്ദ് | 4 | 6 | 9 |
| 21. | ചെന്നക്കാടൻ ബ. ജരാട്ട് അച്ചൻ | 1 | 0 | 0 |

മാനസാന്തരം:

ഇനി ഞങ്ങൾക്കു പറയാനുള്ളതു് കഴിഞ്ഞ റിപ്പോർട്ടിനു ശേഷം ഞങ്ങൾക്കു അറിവായിട്ടുള്ള മാനസാന്തരങ്ങളെപ്പറ്റിയാണ്. കഴിഞ്ഞ റിപ്പോർട്ടിൽ ആരക്കുഴി സാ. പൂലയർ ജ്ഞാനസ്നാനപ്പെട്ടവെന്നും രാ പുതിയ ആളുകൾ പഠിച്ചുവരുന്നു എന്നു് എഴുതിയിരുന്നുവല്ലൊ. ഇപ്പോൾ ആ സ്ഥലത്തു ആകെ ഏഴാ പേരിൽ അധികം മാനസാന്തരപ്പെട്ടിട്ടുണ്ടു്. ചെങ്ങൽ പഠിച്ചു ജ്ഞാനസ്നാനം കൈക്കൊണ്ടിട്ടുള്ളവർ ഇപ്പോൾ നൂറോളം ആയിരിക്കുന്നു കോന്തുരുത്തിയിൽ സഭ തുടങ്ങിയതിന്റെ ശേഷം ഏഴു പേർ മാമോദീസാമുങ്ങിയെന്നു ഞങ്ങൾ എഴുതിയിരുന്നതു കൂടാതെ എട്ടുപേർ കൂടി മാനസാന്തരപ്പെട്ടിട്ടുണ്ടു്. മട്ടത്തുനിന്നും കഴിഞ്ഞ കൊല്ലത്തെ കണ

ക്കയച്ചതിന്റെ ശേഷം ൻ പുലയരും ഒ.പായരും ഒരു ഈഴവനും കത്തോലിക്കരായിട്ടുണ്ട്. കൊടിക്കുളത്തുപള്ളിയിൽ വ പേർ ടി. വേദം പഠിച്ചുവരുന്നുണ്ട്. പുതിയകാവിൽ ഒ പുലയരും ഒരു ഈഴവനും ജ്ഞാനസ്നാനം കൈക്കൊണ്ടു. കടമക്കുടിയിൽ ഈയിട ഒരു കണക്കനും ഒരു ഈഴവനും ഒരു പുലയസ്ത്രീയും നമ്മുടെ സഭയിൽ ചേർന്നു.

ചില വിശേഷ സംഭവങ്ങൾ:

കഴിഞ്ഞ പന്തക്കുസ്താദിവസം വല്ലക്കുളത്തുപള്ളിയിൽ കുബ്ബാന കഴിഞ്ഞ ശേഷം പള്ളിസ്കൂളിൽവെച്ച് സ്ത്രീകളുടെ വകയായി ഒരു വിശേഷാൽ യോഗം നടത്തുകയുണ്ടായി. വേദപ്രചാരവേലയിൽ സ്ത്രീകൾക്കുള്ള സൌകര്യത്തെപ്പറ്റി പറഞ്ഞു് അവരെ മനസ്സിലാക്കുകയും മാസികയിലെ ചില പ്രധാന ഭാഗങ്ങൾ അവരെ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. ഹാജരുണ്ടായിരുന്നവരിൽ മുമ്പു സഭയിൽ ചേർന്നിട്ടില്ലാതിരുന്നവർ എല്ലാം നല്ല മനസ്സോടെ സമ്മതിച്ചു സഭയിൽ ചേരുകയും ചെയ്തു. അന്നു തന്നെ വൈകുന്നേരം ശാഖാസഭയുടെ ഒരു പ്രത്യേകയോഗം നടത്തി. അതിൽവെച്ചു് ഇടവകപ്രമാണികളിൽ ഓരോരുത്തരുടെയും സ്വാധീനത്തിലുള്ളതായ പുലയരെ എല്ലാവരെയും ജ്ഞാനസ്നാനപ്പെടുത്തുന്നതിനു വേണ്ട നമസ്കാരങ്ങൾ പഠിപ്പിക്കുന്നതിനും മറ്റും തങ്ങളാൽ കഴിയുന്നവിധം പരിശ്രമിക്കാമെന്നു അവർ വാഗ്ദാനം ചെയ്തിട്ടുണ്ടു്.

ഇതുപോലെ തന്നെ അന്നേദിവസം പുത്തൻപള്ളിയിലും ഫെ. ബ. കളപ്പുരക്കൽ അന്തോസച്ചന്റെ അദ്ധ്യക്ഷതയിൻകീഴ് ഒരു യോഗം നടന്നു. ഇതിൽ ബ. പഞ്ഞിക്കാരൻ യൌസേപ്പച്ചൻ എം. എ., ബ. മാത്തു വടക്കേൽ; ആലുവാ സെൻറ് മേരീസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ മിസ്റ്റർ എൽ. എം. അലോഷ്യസ് എം. എ. എന്നിവരുടെ പ്രസംഗങ്ങളുമുണ്ടായി. ഈ യോഗത്തിൽവച്ചു് പ്രധാനമായ നടന്ന സംഗതി പുത്തൻപള്ളി ഇടവകാതതിയിലുള്ള കത്തോലിക്കരല്ലാത്തവരെ മാനസാന്തരപ്പെടുത്തുന്നതിനു വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും ആലോചനകൾ നടത്തുന്നതിനുമായി ഇടവകപ്രധാനികളായ ചിലരെ ചേർത്തു് ഒരു കമ്മറ്റി രൂപീകരിച്ചു എന്നുള്ളതാണു്. സഭക്കു ശേഷം "ഒരു മാനസാന്തരം" എന്ന അഭിധാനത്തിൽ രചിക്കപ്പെട്ടതും പുലയരുടെയും മറ്റും മനസ്സുതിരിവുസംബന്ധിച്ചു് നമ്മുടെ ആളുകളുടെ ഇടയിലുള്ള അബദ്ധാഭിപ്രായങ്ങളെ ഇല്ലാതാക്കുന്നതായ ഒരു പ്രഹസനം അഭിനയിക്കുകൂടി ഉണ്ടായി. അവിടെ വേദപ്രചാരസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ള

"ബോർഡിസ് കൌൺസിൽ" സംഘം അദ്ധ്യക്ഷൻ അവർകളെ എതിരേറ്റു കൊണ്ടു വന്നു എന്നുള്ളതും പ്രഥമസമ്മേളനത്തിന്റെ ഒടുവിൽ തട്ടിൽ അണിനിരന്നു സഭാവാസികളെ "സല്യൂട്ട്" വന്ദനം ചെയ്തു മാപ്പിപ്പാമംഗളം പാടിയെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

സെക്രട്ടരിമാർ.

എറണാകുളം,
25. 6. 22.

## സ്ഥലം മാറ്റങ്ങൾ.

ഫ-ഠ-ഫ-. പയ്യപ്പിള്ളി ബ. വർഗ്ഗീസ് ക. ആലുവാ ഹൈസ്കൂൾ മാനേജരായും,

ഫ-ന-ഠ-ഫ-. എളങ്കുന്നപ്പുഴ ബ. പൌലോസ് ക. പള്ളിപ്പുറത്തുപള്ളിയുടെയും,

" തെക്കുന്തല ബ. കൊച്ചുവുസേപ്പു ക. അകപ്പറമ്പുപള്ളിയുടെയും,

" മാഞ്ഞാലി ബ. തോമാ ക. ആരക്കുഴപള്ളിയുടെയും വികാരിമാരായും,

ര-ഠ-ഫ-. കൊച്ചുപറമ്പിൽ ബ. കൊച്ചുവക്കീ ക. കോതമംഗലത്തുപള്ളിയുടെയും അസിസ്റ്റന്തിയായും നിയമിക്കപ്പെട്ടിരിക്കുന്നു.

## കുറിപ്പുകൾ.

കണ്ടനാട്ട് എടവക പൈനുങ്കൽ ബ. യൌസേപ്പച്ചൻ പി. എച്ച്. ഡി. അവർകൾ എ. ഉ. ദലഗാദപ്പസ്കോലിക്കാരിയുമനസ്സിലെ സെക്രട്ടറിയായി നിയമിതനായിരിക്കുന്നതു സന്തോഷജനകമാണല്ലൊ.

* * *

കുത്തോട്ട പടിഞ്ഞാറെപള്ളിയിടവക തച്ചിൽ ബ. പൌലോസ് ശമ്മാശൻ എറണാകുളം മെത്രാസനഅരമനയുടെ കപ്പേളയിൽവച്ചു മെ

ത്രാനച്ചൻ അവർകൾ ഏപ്രിൽ ദ്രവ്യാംശം കുമ്പസാരപ്പട്ടം കൊടുക്കുകയുണ്ടായി. ഇപ്പോൾ ഇദ്ദേഹം കിഴക്കമ്പലം പള്ളിയുടെ അസിസ്റ്റന്റിയാകുന്നു. കുന്നപ്പിള്ളി ബ. തോമാച്ചൻ തല്ലാലം പെരുമാനൂർ ലൂർദ്ദു പള്ളിയുടെ അസിസ്റ്റന്റിയായി ജോലിനോക്കിവരുന്നു.

* *
*

തുപ്പുണിത്തുറ സ്വദേശിയും യാക്കോബായക്കാരനുമായിരുന്ന വടയാടി ബ. പൌലോസ് ശമ്മാശ് രണ്ടു മാസങ്ങൾക്കുമുമ്പു കത്തോലിക്കാസഭയിൽ ചേർന്നിരിക്കുന്നു എന്ന വൃത്താന്തം ഭിന്നിച്ചുപോയ ക്രീസ്തുവകുപ്പുകളുടെ പുനരൈക്യത്തെ ആഗ്രഹിക്കുന്നവർക്കു സന്തോഷാവഹമാണല്ലൊ.

* *
*

എറണാകുളം വികാരിയാത്തിലെ പൊറിസെമ്മനാരി പൂട്ടിയിരുന്നതു ജൂൺ ഉന്നതാംശം-യോടുകൂടി തുറന്നിരിക്കുന്നു. സെമ്മനാരിക്കാക്ക് മാമ്പിള്ളി ബ. യൌസേപ്പച്ചൻ ആരംഭത്തിൽതന്നെ മുഴുവൻധ്യാനം നടത്തുകയുണ്ടായി. ഈയാണ്ടിൽ ചേർന്നിരിക്കുന്നവരിൽ ഒരാൾ ബി. എ. (ഓണേഴ്സും) രണ്ടുപേർ ബി. എ.യും പാസ്സായവരാണെന്നു കാണുന്നതു സന്തോഷപ്രദമാണ്. ബി. എ. പാസ്സായ ശേഷം മറെറാരാൾകൂടി അടുത്ത സെപ്തമ്പരിൽ സെമ്മനാരിയിൽ ചേരുവാനുണ്ടു.

* *
*

(6) മൂക്കന്നൂർ ആരംഭിച്ചിരുന്ന കെട്ടിടത്തിന്റെ പണിതീർത്തു ആൺകുട്ടികൾക്കായി ഒരു അനാഥശാല അവിടെയുംനടത്തിതുടങ്ങിയിരിക്കുന്നു. കൂടാതെ എറണാകുളം തിരുകുടുംബ അനാഥശാലയിൽനിന്നു രീതെ ചെറിയ കുട്ടികളെ അവിടയ്ക്കു അയച്ചിരിക്കയാണു. ഇതിനുംപുറമെ പെൺകുട്ടികൾക്കായി കുറുക്കുറി മഠത്തോടു ചേർന്നും ഒരു അനാഥശാല മിസ്സത്തിൽനിന്നു സ്ഥാപിച്ചിട്ടുണ്ടു. ഈ അനാഥശാലകളിൽ, യാതൊരുത്തരും രക്ഷിക്കുവാനില്ലാതെ അലഞ്ഞുനടക്കുവാൻ ഇടവരുന്ന കുട്ടികളെ——പ്രത്യേകം പൂതുതായി മനസ്സുതിരിഞ്ഞവരെ——ചേർത്തു വളർത്തുന്നതിനുദ്ദേശിച്ചിട്ടുള്ളതിനാൽ ഈ സ്ഥിതിയിലുള്ളവരെ അവിടയ്ക്കയക്കുവാൻ ആഗ്രഹിക്കുന്നവർ അനാഥശാലകളുടെ മാനേജരായ നെടുങ്കല്ലേൽ ബ. തോമ്മാച്ചൻ അവർകൾക്കു എഴുതി അയക്കേണ്ടതാണു.

———:———

ലോകത്തിൽ ആകെയുള്ള കത്തോലിക്കരുടെ സംഖ്യ 31,68,88,975 ആകുന്നു.

അടുത്ത ഡിസംബർ മാസത്തിൽ ശ്രീ. ശവയ്യർ പുണ്യവാന്റെ തിരു ശരീരം ഗോവയിൽപരസ്യമായ വണക്കത്തിനു എടുത്തുവയ്ക്കുന്നതാണ്. ജപ്പാനിൽനിന്നുകൂടെയും തീർത്ഥയാത്രയായി കത്തോലിക്കർ അവിടേക്കു പോകുന്നതിനു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുവരുന്നു.

---

ഉദിയംപേരൂർ പഴയപള്ളിവികാരിയായിരുന്ന കുരുവിനാക്കുന്നേൽ ബ. ദേവസ്സി അച്ചൻ തന്റെ ഒരുമത്തെ വയസ്സിൽ നോവതിസാരത്താൽ ഈ ജൂലായി 8-നു- ബുധനാഴ്ച രാത്രി പത്തുമണിക്കു കത്താവിൽ നിദ്രപ്രാപിച്ചു. ഇദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം പ്രാർത്ഥിപ്പാറാകണം. R. I. P.

KULAM

PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM.